## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2427** **24-06-2024 - ൽ മറുപടിയ്ക്ക്**

## വടക്കാഞ്ചേരി ഗവണ്മെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ഫണ്ടുപയോഗിച്ച് കിറ്റ്കോയെ നിർവ്വഹണ ഏജൻസിയാക്കി നടപ്പിലാക്കുന്ന വടക്കാഞ്ചേരി മണ്ഡലത്തിലെ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ ഗവ. ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിലെ ബാക്കി പ്രവൃത്തിയ്ക്ക് 06.07.2023 ലെ ഉത്തരവ് നം.GED005-25/APR-2/2023/KIIFB പ്രകാരം 4,50,39,258/- രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ KITCO സാങ്കേതിക അനുമതി ലഭ്യമാക്കി ടി പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. ഗവണ്മെന്റ് രൂപീകൃത കമ്മിറ്റിയാണ് ടെൻഡർ അക്സെപ്റ്റൻസ് അംഗീകാരം നൽകേണ്ടത്. എന്നാൽ ചില സാങ്കേതിക കാരണങ്ങൾ ചൂണ്ടി കാട്ടി കമ്മിറ്റി ടി ടെണ്ടർ റദ്ദാക്കുകയുണ്ടായി. തുടർന്ന് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ്, ബാലൻസ് വർക്ക്, അഡീഷണൽ വർക്ക് എന്നിങ്ങനെ രണ്ടായി തിരിച്ച് പദ്ധതി നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിച്ച് അംഗീകാരം നേടാനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിച്ച് വരുന്നു. ഇതിനു അംഗീകാരം ലഭിച്ച ശേഷം ടി പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | വടക്കാഞ്ചേരി മണ്ഡലത്തിലെ ഗവ. ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിലെ ബാക്കി പ്രവൃത്തിയ്ക്ക് 06.07.2023 ലെ ഉത്തരവ് നം.GED005-25/APR-2/2023/KIIFB പ്രകാരം 4,50,39,258/- രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ KITCO സാങ്കേതിക അനുമതി ലഭ്യമാക്കി ടി പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. ഗവണ്മെന്റ് രൂപീകൃത കമ്മിറ്റിയാണ് ടെൻഡർ അക്സെപ്റ്റൻസ് അംഗീകാരം നൽകേണ്ടത്. എന്നാൽ ചില സാങ്കേതിക കാരണങ്ങൾ ചൂണ്ടി കാട്ടി കമ്മിറ്റി ടി ടെണ്ടർ |

| | | | |
|---|---|---|---|
| | | | റദ്ദാക്കുകയുണ്ടായി. തുടർന്ന് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ്, ബാലൻസ് വർക്ക്, അഡീഷണൽ വർക്ക് എന്നിങ്ങനെ രണ്ടായി തിരിച്ച് പദ്ധതി നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിച്ച് അംഗീകാരം നേടാനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിച്ച് വരുന്നു. ഇതിനു അംഗീകാരം ലഭിച്ച ശേഷം ടി പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തിയുടെ റീ-ടെണ്ടർ നടപടികൾ അടിയന്തിരമായി പൂർത്തികരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ